**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.6135 **04/07/2019 ൽ മറുപടിക്ക്**

## ആറന്മുള മണ്ഡലത്തിൽ റീ-സർവ്വേയിലെ കാലതാമസം

**ചോദ്യം**

**ശ്രീമതി വീണാ ജോർജ്ജ്**

**മറുപടി**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**

(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | ആറന്മുള നിയോജകമണ്ഡലത്തിൽ റീ-സർവ്വേ നടത്താനുള്ള വില്ലേജുകൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കോഴഞ്ചേരി താലൂക്കിലെ 10 വില്ലേജുകളും, തിരുവല്ല താലൂക്കിലെ 3 വില്ലേജുകളും ഉൾപ്പെട്ടുവരുന്നതാണ് ആറന്മുള നിയോജക മണ്ഡലം. ഇതിൽ തിരുവല്ല താലൂക്കിലെ എല്ലാ വില്ലേജുകളും, കോഴഞ്ചേരി താലൂക്കിലെ 8 വില്ലേജുകളും റീസർവ്വെ നടപടികൾ പൂർത്തിയാക്കി റിക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള പത്തനംതിട്ട, കോഴഞ്ചേരി എന്നീ വില്ലേജുകളാണ് റീസർവ്വെ നടപടി പൂർത്തീകരിക്കുവാനുള്ളത്. പത്തനംതിട്ട വില്ലേജ് ബ്ലോക്ക് നം. 24, 44 എന്നിവയുടെ ഫീൽഡ് ജോലികൾ പുരോഗതിയിലാണ്. കോഴഞ്ചേരി വില്ലേജ് ബ്ലോക്ക് നം 13 ന്റെ 9(2) നോട്ടിഫിക്കേഷൻ 06/02/2016 ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. |
| (ബി) | റീസർവ്വേ നടപടികൾ വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (ബി) | സർവ്വേ വകുപ്പിൽ നിന്നും റീസർവ്വെ ജോലികൾക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള നല്ലൊരു ശതമാനം ജീവനക്കാരെ റവന്യൂ വകുപ്പ് ആവശ്യപ്പെടുന്നതിനനുസരിച്ച് താലൂക്കിലെ എൽ.ആർ.എം. ജോലികൾക്കും, സർക്കാരിന്റെ വികസനപ്രവർത്തനം മുൻനിർത്തിയുള്ള അടിയന്തിര സർവ്വെ ജോലികൾക്കും, മറ്റ് സ്പെഷ്യൽ സർവ്വെ ജോലികൾക്കും നിയോഗിക്കുന്നതിനാൽ റീസർവ്വെ നടപടികളിൽ കാലതാമസം ഉണ്ടാകാറുണ്ട്. |

സെക്ഷൻ ഓഫീസർ